"പരമ്പരാഗത വ്യവസായങ്ങളെ പരിഷ്ക്കരിക്കാൻ നടപടി"

31 [3038] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പരമ്പരാഗത വ്യവസായങ്ങളും വ്യവസായികോല്പന്നങ്ങളും കാലാനുസൃതമായി പരിഷ്കരിക്കുന്നതു സംബന്ധിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) പരമ്പരാഗത വ്യവസായ മേഖലയിൽ ആധുനിക സാങ്കേതിക വിദ്യകൾ എത്രത്തോളം പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(സി) പരമ്പരാഗത വ്യവസായ മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ പിടിച്ച് നിൽക്കാൻ കഴിയാത്തതും, ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മതിയായ വേതനം ലഭ്യമാക്കാൻ കഴിയാത്തുമായ സാഹചര്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം കണക്കിലെടുത്ത് ഈ മേഖലയെ സംരക്ഷിക്കുവാനും, ആധുനീകരിക്കാനും കൈക്കൊള്ളാൻ പോകുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കരകൗശലം, കയർ, സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണം നടത്തിയിട്ടുണ്ട്. കൈത്തറി മേഖലയിൽ ഡൈയിങ്, ഡിസൈൻ ഡെവലപ്മെന്റ് തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഖാദി-ഗ്രാമ വ്യവസായ മേഖലയിൽ വൈവിധ്യ വൽക്കരണം, ആധുനികവൽക്കരണം തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്.

(സി) അന്യസംസ്ഥാനങ്ങളിലെ ഉൽപന്നങ്ങളുമായി വിപണിയിൽ ശക്തമായ മൽസരം നേരിടേണ്ടി വരുന്ന സാഹചര്യം കരകൗശലം, കൈത്തറി, ഖാദി എന്നീ മേഖലകളിൽ നിലവിലുണ്ട്. ഈ മേഖലകളിൽ തൊഴിലാളികൾക്ക് താരതമ്യേന കുറഞ്ഞ വേതനമാണ് ലഭിക്കുന്നതെന്നു വിലയിരുത്തിയിട്ടുണ്ട്.

(ഡി) പരമ്പരാഗത വ്യവസായ മേഖലയുടെ സമഗ്രമായ പുനരുജ്ജീവന ത്തിനായി 500 കോടി രൂപയുടെ ഒരു പരമ്പരാഗത വ്യവസായ സഹായനിധി രൂപീകരിക്കുന്ന പ്രവർത്തനം പുർത്തിയായി വരുന്നു. ഇതിലേക്കായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കയർ മേഖലയിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കി വരുന്നു, കയർ വ്യവസായ മേഖലയെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ തിരഞ്ഞെടുത്ത് കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിച്ചുവരുന്നു. ചെറുകിട കയർ ഉല്പാദകരുടെ സൗകര്യാർത്ഥം പൊതുസൗകര്യ സേവന കേന്ദ്രങ്ങൾ നടപ്പിലാക്കിവരുന്നു. പ്രാഥമിക കരകൗശല സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly